117213/2023

**മിഷന് വാത്സല്യ**

**സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

**മെമ്പര് സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

(ഹാജർ.ശ്രീമതി പ്രിയങ്ക ജി ഐ എ എസ് , വനിത ശിശു വികസന ഡയറക്ടർ)

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ -ജില്ലകളിലെ CWC, JJBകളിലെ അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ പദ്ധതി മാർഗ്ഗനിർദേശ പ്രകാരം വേതനത്തിൽ 3% വർദ്ധനവിന് - തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. കേന്ദ്ര സർക്കാരിന്റെ 05/07/2022 തീയതിയിലെ CW-II-22/6/2022 -CW-II നമ്പർ ഉത്തരവ്
2. കേന്ദ്ര സർക്കാർ PAB Minutes നമ്പർ CW-II - 22/28/2022 - CW-II(e-102093) തീയതി:05.07.2023
3. സ.ഉ.(സാധാ) നം.422/2023/WCDD തീയതി:11.07.2023
4. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച സ്ഥാപന സൂപ്രണ്ട്മാരുടെ റിപ്പോർട്ടുകൾ

**ഉത്തരവ് നം. DWCD/2122/2023-ICPS 4 തീയതി: 24-09-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ ബന്ധപ്പെട്ട് ഭാഗമായി പ്രവർത്തിക്കുന്ന ജില്ലകളിലെ CWC, JJB യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് പരാമർശം (1) പ്രകാരം 2022 ഏപ്രിൽ മുതൽ മിഷൻ വാത്സല്യ പദ്ധതി പ്രകാരമുള്ള വേതനം നൽകി വരുന്നു. പ്രസ്തുത മാർഗ്ഗനിർദേശത്തിൽ 2022 ഏപ്രിൽ മുതൽ ഒരു വർഷം പൂർത്തിയാകുന്ന ജീവനക്കാർക്ക് 3% വർധനവിന് വ്യവസ്ഥയുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുകയ്ക്കുള്ള പ്രൊപ്പോസൽ കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ പ്രൊജക്റ്റ് അപ്പ്രോവൽ ബോർഡിൽ (PAB) സമർപ്പിക്കുകയും, ആയതിന് പരാമർശം (2) പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മാർഗ്ഗനിർദേശ പ്രകാരം തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള വർദ്ധിപ്പിച്ച വേതനം അനുവദിച്ച് നൽകുന്നതിനു മേൽ പരാമർശം (4) പ്രകാരം വിവിധ ജില്ലകളിലെ സ്ഥാപന സൂപ്രണ്ട്മാർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ വിവിധ ജില്ലകളിലെ CWC, JJB യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് സ്ഥാപന സൂപ്രണ്ട്മാർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ലഭ്യമായിട്ടുള്ളതും 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള 3% വേതന വർധനവിന് ആവശ്യമായ **24,670/-രൂപ (ഇരുപത്തി നാലായിരത്തി അറുന്നൂറ്റി എഴുപത് രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | District | Organisation | CWC | JJB | Salary |
|---|---|---|---|---|---|
| | Component Code | | 1.31.2 | 1.29.2 | |
| 1 | Thiruvananthapuram | Childrens Home Boys | 1,785 | | 1,785 |
| 2 | Thiruvananthapuram | Observation Home | | 1785 | 1,785 |
| 3 | Kollam | Childrens Home | 1785 | | 1,785 |
| 4 | Kollam | Observation Home | | 1785 | 1,785 |
| 5 | Pathanamthitta | Childrens Home | 0 | 0 | 0 |
| 6 | Alappuzha | Childrens Home (girls) | 1,785 | | 1,785 |
| 7 | Alappuzha | Observation Home | | 1785 | 1,785 |
| 8 | Kottayam | Childrens Home | 0 | | 0 |
| 9 | Kottayam | Observation Home | | 0 | 0 |
| 10 | Idukki | DCPU | 1678 | 1678 | 3,356 |
| 11 | Ernakulam | Childrens Home | 1785 | | 1,785 |
| 12 | Ernakulam | Observation Home | | 0 | 0 |
| 13 | Thrissur | Childrens Home | 1785 | | 1,785 |
| 14 | Thrissur | Observation Home | | 0 | 0 |
| 15 | Palakkad | Childrens Home | 0 | 0 | 0 |
| 16 | Malappuram | Childrens Home | 0 | 1679 | 1,679 |
| 17 | Kozhikode | Childrens Home (girls) | 1785 | | 1,785 |
| 18 | Kozhikode | Observation Home | | 0 | 0 |
| 19 | Kannur | Childrens Home (Boys) | 1785 | 1785 | 3,570 |
| 20 | Wayanad | Childrens Home | 0 | 0 | 0 |
| 21 | Kasargod | Childrens Home | 0 | 0 | 0 |
| | | Grant Total | 14,173 | 10497 | 24,670 |

ടി തുകയായ 24,670/-രൂപ (ഇരുപത്തി നാലായിരത്തി അറുന്നൂറ്റി എഴുപത് രൂപ മാത്രം) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ, IDBI Bank ലെ വനിത ശിശു വികസന ഡയരക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ നിന്നും 0889104000111737 IFSC.Code.IBKL0000889 അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡിറി അക്കൗണ്ടിലെ കംപോനെന്റ് കോഡ് അനുസരിച്ച് (CWC - 1.31.2 & JJB -1.29.2) അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർമാർ തുക മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരുടേയും ഇടുക്കി ജില്ലാ വനിത ശിശു വികസന ഓഫീസർ ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡിറി അക്കൗണ്ടുകളിലേക്കും ഫണ്ട് അനുവദിക്കേണ്ടതാണ്.

മിഷൻ വാത്സല്യ പദ്ധതി പ്രകാരം 2022 ഏപ്രിൽ മുതൽ ഒരു വർഷം സേവനം തൃപ്തികരമായി പൂർത്തിയാക്കിയതും കരാർ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ

17213/2023

വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഉത്തരവാദപ്പെട്ട അധികാരസ്ഥാനാം കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളതും നിയമാനുസൃതമായ കരാറിൽ ഏർപ്പെട്ട് കരാർ സേവനത്തിൽ തുടരുന്നതുമായ ജീവനക്കാർക്ക് മാത്രമാണ് തുക അനുവദിച്ച് നൽകുന്നത് എന്നും സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കരാർ നിയമനം സംബന്ധിച്ച ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ട് എന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

സ്ഥാപന സൂപ്രണ്ടുമാർ തുക കൈപ്പറ്റിയ രസീത്, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഏപ്രിൽ 27 ന് ധർണയിലും മെയ് 15 ന് സൂചന പണിമുടക്കിലും തുടർന്ന് ജൂൺ 1 മുതൽ 7 വരെ പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് വേതന ഇനത്തിൽ ആയതു കുറച്ചിട്ടുണ്ടെന്ന് സ്ഥാപനമേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ&**

**മെമ്പർ സെക്രട്ടറി,**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്കും
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 24-09-2023 10:36:37